വിനിയോഗിക്കുന്നതിൽ പൂർവ്വാധികം ജാഗ്രതയും, വിദ്യാലയാധികൃതന്മാരായ അതിന്റെ
അവസാനനിർവ്വാഹകന്മാർക്കു് ഉള്ള ധാർമ്മിക ഭദ്രതയും ലോഭവും ലാഭമോഹവും നിമിത്തം
വ്യതിചലിയ്ക്കപ്പെടാതിരിയ്ക്കുണമെന്നു് ഊന്നിപ്പറയേണ്ടിയിരിക്കുന്നു. ഭാവിരാഷ്ട്രത്തിന്റെ
ഭാഗധേയനിർമ്മാതാക്കളാകാനുള്ള ബാലവിദ്യാർത്ഥികളുടെ പ്രാണസംധാരണക്കായ്മെന്ന നി
ലയ്ക്കാണു് അവസാനമെങ്കിലും എന്റെ പ്രസംഗത്തിൽ ആ കായ്ത്തിനു് പ്രാമുഖ്യം കല്പിക്കു
ന്നതു്. എന്റെ അനുഭവങ്ങൾ വിസ്തരിക്കുന്നില്ലെങ്കിലും യാതൊരു നീക്കുപോക്കിനും ഇട
വരാതെ ഗവൺമേണ്ടിന്റെ ഈ ധാർമ്മികപ്രസ്ഥാനം തികച്ചും സഫലമാകണമെന്നാഗ്രഹിക്കുന്ന
തുകൊണ്ടാണു് എനിക്കിക്കായ്ം വിസ്തരിച്ചുകളയാൻ സാധിക്കാത്തതു്. ഇന്നത്തെ ലോക
ഗതിയിൽ നമ്മുടെ രാജ്യം സർവ്വപ്രകാരേണയുള്ള അഭിവൃദ്ധിയും ഐശ്വര്യവും ഉത്തരോത്ത
രം പ്രാപിക്കുമാറാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു് അവസാനിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : മിസ്റ്റർ പ്രസിഡണ്ട്, സർ, അടുത്തകൊല്ലത്തെ ആയവ്യയക്കണക്കും നിരൂപണം ചെയ്തുകൊണ്ട് എനിക്ക ബഹുമാനപ്പെട്ട ഗവർമ്മേണ്ടിനെ പ്രധാനമായി ഉൽബോധിപ്പിക്കാനുള്ളത് ഗവർമ്മേണ്ടിന്റെ അധഃകൃതോദ്ധാരണ നടപടികളെപ്പറ്റിയാണ്. വരുന്നകൊല്ലത്തെ സംരക്ഷണത്തിനായി ഗവർമ്മേണ്ടിൽനിന്നും നീക്കിവെച്ചിട്ടുള്ള ക, ൭ ൭,൫ ൦ ൦ ഉറുപ്പിക ഇക്കൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിരുന്നതിൽ നിന്നും ന൯,൱ ൦ ൦ ഉറുപ്പിക കൂടുതലാണ്. ഇതിൽ ഞാൻ ഗവർമ്മേണ്ടിനെ അഭിനന്ദിക്കുന്നു. ഗവർമ്മേണ്ടിനോടു നന്ദിപ്രകാശിപ്പിക്കുന്നു. എന്നാൽ ഇതൊന്നു വിശകലനം ചെയ്തു നോക്കിയാൽ കാണാം അധഃകൃതോദ്ധാരണത്തിൽ ആദിയിൽ കാണിച്ചിരുന്നിടത്തോളം ആത്മാർത്ഥതയും ശ്രദ്ധാന്തിയും ഇന്നു പ്രദർശിപ്പിക്കുന്നുണ്ടോ എന്ന വസ്തുതാ ദിവാൻ സർ ടി. വിജയരാഘവാചാരി, റാവു സാഹിബ്ബ് സി. മത്തായി മുതലായവർ ഇവിടത്തെ ജനസംഖ്യയിൽ ഏകദേശം $\frac{1}{8}$ വരുന്ന അധഃകൃതവർഗ്ഗങ്ങളെ മറ്റു സമുദായക്കാരോടൊപ്പം എത്തിക്കുവാൻ ആത്മാർത്ഥമായി അശ്രാന്തം പരിശ്രമിച്ചിരുന്നു. ഇന്നാകട്ടെ ഇതു് ഗവർമ്മേണ്ടിനു ഒരു ഭാരമായിതീർന്നുമാതിരി തോന്നുന്നുണ്ട്. അധഃകൃതരുടെ ആവശ്യങ്ങൾ വഞ്ചിച്ചുവരുകയാണ്. ഗവർമ്മേണ്ടിൽനിന്നും അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ അറിഞ്ഞും കൈപ്പറ്റിയും അവർ മുന്നോട്ടു വരുവാൻ വെമ്പുന്ന അവസരത്തിൽ ഗവർമ്മേണ്ടു് അവരുടെ മുമ്പിൽ മടന്തി, മടന്തി മുന്നോട്ടുപോകുന്നു. ഇതു ഞാൻ വെളിവാക്കാം.

൧൯൨൦-ൽ അധഃകൃതോദ്ധാരണത്തിന്നായി ഗവർമ്മേണ്ടു ചിലവാക്കിയതു് ൯൫,൩൩൭ ഉറുപ്പികയാണു്, ൧൯൨൮-ലെ റിവൈസ്ഡ് ബഡ്ജറനുസരിച്ചു ഗവർമ്മേണ്ടു ചിലവാക്കുവാൻ വക കൊള്ളിച്ചിട്ടുള്ളതു് ൧,൨൮,൩൦൦ ഉറുപ്പിക അതായതു് കഴിഞ്ഞകൊല്ലത്തേതിൽ നിന്നും ൨൫,൯൩൩ ഉറുപ്പിക കൂടുതൽ. ഇതുവെച്ചു നോക്കുമ്പോൾ ഇക്കൊല്ലത്തെ അപേക്ഷിച്ചു് വരുന്നകൊല്ലത്തിൽ ഗവർമ്മേണ്ടു കൂടുതലായി ചിലവു ചെയ്യുവാനുദ്ദേശിക്കുന്നതു വെറും ൩,൯൩ ൭ ഉറുപ്പികയാണെന്നു കാണാം. ൧$\frac{1}{2}$ ലക്ഷം അധഃകൃതർക്കു കൂടുതൽ സംരക്ഷണം നൽകുവാൻ ഗവർമ്മേണ്ടു കൂടുതലായി കണ്ടെത്തുക ൩,൯൩ ൭ ക.യാണെന്നു് പറഞ്ഞാൽ ഗവർമ്മേണ്ടവിടെ മടന്തി, മടന്തിയാണു് മുന്നോട്ടു പോകുന്നതു് എന്നു പറഞ്ഞതിൽ അതിശയോക്തി ഇല്ലതന്നെ.

അധഃകൃതരുടെ വിദ്യാഭ്യാസത്തിനായി ൭ ൪,൫ ൦ ൦ ഉറുപ്പിക ഇക്കൊല്ലം ചിലവാക്കിയ ഗവർമ്മേണ്ടു് വരുന്നകൊല്ലം ചിലവാക്കാനുദ്ദേശിക്കുന്നതു് ൧൦,൭൦൦ ഉറുപ്പിക, കൂടുതൽ. പുസ്തകങ്ങൾക്കും മറ്റുമായി ഇക്കൊല്ലത്തെക്കുനുവദിച്ചു൩൨,൫൦൦ ഉറുപ്പികയും അടുത്തകൊല്ലത്തേക്കു നീക്കിവെച്ചിട്ടുള്ള ൩൩,൫൦൦ ക. അതായതു് ൪൦൦ ഉറുപ്പിക മാത്രം കൂടുതൽ. ചില സ്കൂളുകളിൽ കൂട്ടികൾ സെൻറ് പർസൻറ് വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ വിദ്യാഭ്യാസവർഷത്തിൽ ൩൭ കുട്ടികളുണ്ടായിരുന്ന കോളേജിൽ ൪൦ അധഃകൃത വിദ്യാർത്ഥികളാണു് ഇക്കൊല്ലമുള്ളതു്. ഓരോ താലൂക്കിലും ഓരോ ഹോസ്റ്റലുകൾ അധഃകൃതവിദ്യാർത്ഥികൾക്കായി തുറക്കാൻ യുദ്ധാനന്തരവികസനപദ്ധതിയിൽ സ്കീമുണ്ട്. പക്ഷെ അതിന്നു വരുന്ന വക ബഡ്ജറിൽ ഇല്ല. അധഃകൃതവിദ്യാർത്ഥികളെ പഠിപ്പിക്കുവാനായി ഗവർമ്മേണ്ടു് ചിലവു ചെയ്യുന്ന ഓരോ പൈയും ഗവർമ്മേണ്ടിന്റെ ഉദ്ദേശത്തെ ഉച്ചകോടിയിൽ എത്തിക്കുന്നതാണു്. അധഃകൃതോദ്ധാരണത്തിനായി നീക്കിവെക്കുന്ന തുകയിൽ നിന്നും എത്ര ഉറുപ്പിക വേണമെങ്കിലും ഈ വിഷയത്തിൽ ചിലവാക്കുവാൻ ഞങ്ങൾക്കു പരിപൂർണ്ണസമ്മതമാണെന്നു് ഞാൻ ഗവർമ്മേണ്ടിനെ അറിയിക്കുന്നു. എന്നാൽ വേണ്ടുവോളം പ്രോത്സാഹനം ഇനിയും ഗവർമ്മേണ്ടു് ഇക്കാര്യത്തിൽ നൽകുന്നില്ല. എൻജിനീയറിംഗിനും മെഡിസിനുമെല്ലാം അയച്ചാൽ പഠിച്ചുമിടുക്കന്മാരായി തിരികെ വരാവുന്നവർ അധഃകൃതരിലുണ്ടു്. ഇക്കൊല്ലം അപേക്ഷകർ തന്നെയുണ്ടായിരുന്നു. പക്ഷെ വലിയ ഉദ്യോഗസ്ഥന്മാരുടെയും മറ്റും മക്കളാകുവാനുള്ള ഭാഗ്യം അധഃകൃതനില്ലാത്തതുകൊണ്ടു്, എന്നുതന്നെ കരുതേണ്ടിയിരിക്കുന്നു, അവർക്കു selection കിട്ടിയില്ല. ഇനിയുള്ള കാലങ്ങളിൽ എങ്കിലും അധഃകൃതരേയും പരിഗണിക്കണമെന്നാണു് എനിക്കു ഗവർമ്മേണ്ടിനോടാവശ്യപ്പെടുവാനുള്ളതു്. ഗവർമ്മേണ്ടിനു പണമില്ലെങ്കിൽ, ഉണ്ടു് കറക്കുവാൻ കാമധേനു ഇനിയും ഗവർമ്മേണ്ടിനു എന്നു ഞാൻ അറിയിക്കുന്നു. ൫൭,൩൨,൪൭൦ ക. കള്ളുകുടിപ്പിച്ചും കഞ്ഞാവു തീറിച്ചും മുതലെടുപ്പുണ്ടാക്കുന്ന ഗവർമ്മേണ്ടിനു അതിലും കാമ്യമായ ഒരു വഴിയാണു് ഞാനിവിടെ നിർദ്ദേശിക്കുന്നതു്. അധഃകൃർ അധികവും കർഷകത്തൊഴിലാളികളാണു്. വെറും ൭ നാഴി നെല്ലിനുവേണ്ടി പണിയെടുക്കുന്നവർ ഇന്നുമുണ്ടു്. ഇവരെ ചൂഷണം ചെയ്തു തടിച്ചുവരാ

LIBRARY ARCHIVES Kerala Legislative Assembly

ണ്ട് ഇന്നത്തെ ജന്മികളിലധികവും. ഇവരെയൊന്നു കഠക്കണം. കാർഷികാദായ നികുതി നിയമം ഇവിടെ നടപ്പാക്കി മുതലെടുപ്പു വർദ്ധിപ്പിക്കണം. തിരുവിതാംകൂറിൽ ഇതു നടപ്പാക്കിയിട്ടുണ്ട്. അതു നമുക്കും പകർത്താം. ഇതിവിടെ നടപ്പാക്കിയാൽ മരുവിലും മന്ദാകിനിയൊഴുക്കുവാൻ കരുത്തുള്ള കരങ്ങൾ ഉള്ള അധഃകൃതർ ഗവർമ്മേണ്ടിന്നു കൂടുതൽ വരവുണ്ടാക്കാൻ ഇവിടം കൂടുതൽ ഫലപ്രയിഷ്ടമാക്കും.

ഈ അവസരത്തിൽ ഗവർമ്മേണ്ടിനെ അറിയിക്കാനുള്ള മറെറാരു കാര്യം അധഃകൃതക്കു സമാധാനപരമായി ജീവിക്കാനുള്ള ഒരന്തരീക്ഷം ഈ നാട്ടിൽ പലയിടത്തുമില്ല എന്നുള്ളതാണ്. പോലീസ് ഡിപ്പാർട്ടുമെൻറിൽനിന്നു പറയത്തക്ക പരിരക്ഷ ലഭിക്കുന്നില്ല. കഴിവും സ്വാധീനശക്തിയുമാണ് പോലീസ്സിൻെറ കൃത്യനിർവ്വഹണത്തെ ഇന്നു നിയന്ത്രിക്കുന്നതു്. അധഃകൃതക്കു ഇവ രണ്ടുമില്ല. ആ നിലയിൽ അവക്കു നീതി ലഭിക്കാനും വഴിയില്ല. അധഃകൃതരുടെ കേസ്സുകൾ കളവും അതിശയോക്തിപരങ്ങളുമാണ് എന്നു വരുത്തുവാൻ ഒരു ശ്രമംതന്നെ പോലീസിനിലേ എന്നു ബലമായി സംശയിക്കുവാൻ മതിയായ കാരണങ്ങളുണ്ട്. കപ്രസിദ്ധമായ ഞഴിക്കോട്ടെ സംഭവം തന്നെ നിസ്സാരമായിത്തീർന്നതോക്കുമ്പോൾ കഴിവില്ലാത്ത അധഃകൃതൻെറ കാര്യം പറയാനുണ്ടോ. അധഃകൃതക്കു സമാധാനപരമായി ജീവിക്കാനുള്ള ഒരന്തരീക്ഷം സൃഷ്ടിച്ചുതരണമെന്നാണ് ഗവർമ്മേണ്ടിനോടപേക്ഷിക്കുവാനുള്ളതു്. ഗവർമ്മേണ്ടു ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു എന്നറിഞ്ഞാൽ തന്നെ അധഃകൃതമർദ്ദനം അവസാനിക്കും. പോലീസിൽ C. I. D. വകുപ്പും Intelligence ഡിപ്പാർട്ടുമെൻറും ഉള്ള മാതിരി അധഃകൃതരുടെ കേസ്സുകൾ മാത്രം അന്വേഷിക്കാൻ ആവശ്യമായ ഒരു പൊലീസ് സ്റ്റാഫിനെ ഒരു കൊല്ലത്തേക്കു വെച്ചുതരണമെന്നാണ് ഞാൻ ഗവർമ്മേണ്ടിനോടപേക്ഷിക്കുന്നതു്. ഒരു പെർമനൻറ മെക്കർ ആയിവേണ്ട, ഒരു കൊല്ലത്തേക്കുമാത്രം കമ്മീഷണരുടെ മാത്രം അധികാരത്തിനു വിധേയരായിത്തന്നെ ഇതു ഗവർമ്മേണ്ടു ചെയ്താൽ സമാധാനമായി അധഃകൃതക്കിവിടെ ജീവിക്കാം.

സാമ്പത്തികമായ അടിമത്വമാണ് അധഃകൃതക്കുള്ള മറെറാരവശത. ഈ അടിമത്വമുള്ളവർ മറെറ സമുദായക്കാരുടെയിടയിലുമുണ്ട് എന്ന പരമാർത്ഥം ഞാൻ വിസ്മരിക്കുന്നില്ല. സ്വന്തമായി കിടപ്പിടമില്ലാത്തവനു നട്ടെല്ലു വളയാതെ നില്ക്കാൻ സാധ്യമല്ല. ഈ രാജ്യത്തെ എല്ലാപ്രജകൾക്കും കിടക്കുവാനും, കൃഷിചെയ്യുവാനും, ഉള്ള സ്ഥലം സ്വന്തപ്പെട്ടുന്നതിനുള്ള ഒരു പദ്ധതി ഗവർമ്മേണ്ടു നടപ്പാക്കണം. ഏതു നല്ലതും ആദ്യംചെയ്യുവാൻ ആഗ്രഹമുള്ള മഹാരാജാവു തിരുമനസ്സിലെ ഗവർമ്മേണ്ടു് ഈ നല്ലകാര്യവും ചെയ്യുവാൻ ആദ്യമായി മുന്നോട്ടിറങ്ങണം. മദിരാശിയിലും ബങ്കാളിലുമെല്ലാം അവിടത്തെ സെമിന്ദാരി സമ്പ്രദായം നിർത്തുവാൻ ആലോചന നടത്തുന്നു. നമുക്കു ഇവിടത്തെ ജന്മിത്വം അവസാനിപ്പിക്കാം. ജന്മിയുടെ കടവും അവസാനിപ്പിക്കാം. ശരിയായ കർഷകനു സ്വന്തമെന്നനിലയിൽ കൃഷിചെയ്യുവാനുള്ള കഴിവും സൃഷ്ടിക്കാം. ഒരാൾക്കു ശരാശരി എത്ര ഏക്കർസ്ഥലം കൈവശം വെക്കാമോ അതിൽക്കൂടുതൽസ്ഥലം സമ്പാദിക്കുവാൻ ഇനി ആരേയും ഗവർമ്മേണ്ടു് നിയമംമൂലം അനുവദിക്കരുതു്. ഇപ്പോൾ കൂടുതൽ സ്ഥലം കൈവശമുള്ളവരിൽനിന്നും ഗവർമ്മേണ്ടു് വിലക്കുവാങ്ങി ആവശ്യക്കാക്കു കൊടുക്കണം. ഇങ്ങനെയോ, മറ്റുതോ കൊണ്ടു് വസ്തു വിലമടക്കി അടക്കുവാനുള്ള വ്യവസ്ഥയിൽ മതി. പണം ഗവർമ്മേണ്ടിലേക്കു അടക്കുന്നതിനും മറെറുമുള്ള ഉത്തരവാദിത്വം ഓരോവില്ലേജിലുമുള്ള ഇത്തരം ആളുകൾതന്നെ നടത്തുന്നു, നടത്തേണ്ടുന്ന സഹകരണസംഘത്തിനായിരിക്കണം. കൂട്ടായി കൃഷിചെയ്യുന്നതിനും ഓരോ വില്ലേജിനെയും ആവുംവിധം സ്വയംപര്യാപ്തമാക്കുന്നതിനും കഴിവുണ്ടാകും. വസ്തുവിനു് നല്ല വില കിട്ടുന്നതുകൊണ്ടു് ജന്മികൾക്കിതിൽ വൈമനസ്യമുണ്ടാകാനില്ല. അതും വെകിളികൊള്ളേണ്ടതുമില്ല. അവക്കു കിട്ടുന്ന ഉറപ്പിക വ്യവസായം നടത്തിവരുവാൻ പ്രോത്സാഹിപ്പിക്കുന്നതിനും; തൊഴിലാളികൾക്കു തൊഴിലുണ്ടാക്കി കൊടുക്കുന്നതിനും ഈ പദ്ധതി പ്രയോജനപ്പെടും. ഇക്കാര്യം ഗവർമ്മേണ്ടിൻെറ അവഗാഢമായ ശ്രദ്ധയിൽ ഞാൻ പെടുത്തുന്നു.

ഇനി ഒരുകാര്യം കൂടിമാത്രമേ എനിക്കു ഗവർമ്മേണ്ടിനെ അറിയിക്കുവാനുള്ളു. അതു് അയിത്തോച്ചാടനത്തെപ്പററിയാണ്. ഹിന്ദുമതത്തിലെ ഒരു വമ്പിച്ച വിഭാഗത്തിൻെറ അഭിമാനത്തെ സംരക്ഷിക്കുന്നതിനും ഹിന്ദുമതത്തിലെ പുഴുക്കേടുമാററി അവിടെ ഒരൈക്യസ്ഥിതി സൃഷ്ടിക്കുന്നതിനുമാണ് ഈ ശ്രമം. ഇതിനായി വിടിന്നസമുദായങ്ങൾ വേറെ, വേറെ നിന്നു പ്രവർത്തിച്ചിരുന്ന കാലംപോയി. എല്ലാവരും ഇതിനൊത്തൊരുമിച്ചിട്ടുണ്ട്. സത്യാഗ്രഹം

LIBRARY ARCHIVES Kerala Legislative Assembly

പോലും നടത്തുവാനാവുകഴിഞ്ഞു. ആ അവസരത്തെ ഉണ്ടാക്കുന്നതു് ഗവമ്മെണ്ടിനു ക്ഷീണമല്ല; കൊച്ചിയെ അപഹാസ്യമാക്കിത്തീർക്കയായിരിക്കും. ഇതറിഞ്ഞു് ഗവർമ്മെണ്ടു് ബുദ്ധിപൂർവ്വം പ്രവർത്തിച്ചാൽ നന്നു്. ഒന്നു താനറിയിക്കാം "കാലം വൈകിപ്പോയി, കേവലമാചാരസ്തുകളെല്ലാം പഴകിപ്പോയി, കെട്ടിനിറുത്താൻ കഴിയാതെ ഉർബ്ബലപ്പെട്ട ചരടിൽ ജനതതിനില്ക്കാ, മാറുവിൻ ചട്ടങ്ങളെസ്വയം-അല്ലെങ്കിൽ മാറുമതുകൾ ഈ നിങ്ങളെത്താൻ" ജനങ്ങളുടെ സ്വാതന്ത്ര്യോത്സുക്യമാകുന്ന ആ തീജ്വാലയെ ലാത്തികൊണ്ടു തല്ലിക്കെടുത്താമെന്നു വെച്ചാൽ കെടാൻപോകുന്നില്ല. അതു പാഴ്പണിയായിരിക്കും. ഇനിയും ഇതിവിടെ വൈകിച്ചാൽ എന്തുണ്ടാകുവാൻ പോകുന്നുഎന്നു പറയുകവയ്യ. പരിനാശകരമായ തിക്കുട്ടുക്കപൊട്ടുമുമ്പെ തിരിമറിച്ചെറിയാതെ കഴിയില്ലെന്നു് ഗവർമ്മെണ്ടു് ധരിച്ചാൽ നന്നു്. വേണ്ടപ്പോൾ വേണ്ടതുചെയ്യാൻ തോന്നാത്ത ഗവർമ്മെണ്ടിനു ഇക്കാര്യത്തിലെങ്കിലും വേണ്ടതുചെയ്യാൻ തോന്നട്ടെ. ഗവമ്മെണ്ടു് ഇതുമനസ്സിലാക്കി പ്രവർത്തിക്കണമെന്നു് ഗവമ്മെണ്ടിനെ ഓർമ്മപ്പെടുത്തികൊണ്ടു് എന്റെ പ്രസംഗം ഉപസംഹരിക്കുന്നു.

റാവുസാഹിബു് കെ. അയ്യപ്പൻ : സർ, മഹാരാജാവു് തിരുമനസ്സിലെ സന്ദേശം ഇന്നലെ ഇവിടെ വായിച്ചപ്പോൾ കേൾക്കുവാൻ കഴിഞ്ഞില്ലെങ്കിലും അതു പിന്നീടു് വായിച്ചപ്പോൾ പ്രതീക്ഷാജനകമായ പലതും അതിലുണ്ടെന്നു് കാണുവാൻകഴിഞ്ഞു. ഈ സന്ദേശത്തിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു് ദീർഘദൃഷ്ടിയോടുകൂടി ഒരു സംഗതികണ്ടിരിക്കുന്നു. ക്യാബിനറ്റു് മിഷ്യൻ പറഞ്ഞിട്ടുള്ളതു നാട്ടരാജ്യങ്ങൾക്കു് പരമാധികാരവും, സ്വാതന്ത്ര്യവും താനെ വന്നുകൊള്ളുമെന്നും, ബ്രിട്ടീഷു് ഗവമ്മെണ്ടിനു് ഇനി യാതൊരു അധികാരവും വെച്ചുകൊണ്ടിരിക്കുവാൻ ഒരുക്കമില്ലെന്നുമാണു്. ബ്രിട്ടീഷു് ഇൻഡ്യക്കു ബ്രിട്ടീഷു് ഗവമ്മെണ്ടു് സ്വാതന്ത്ര്യം കൊടുക്കുന്നതൊടൊപ്പംതന്നെ നാട്ടരാജ്യങ്ങൾക്കും ആ സ്വാതന്ത്ര്യം വരുന്നുവെന്നു് പറഞ്ഞിരിക്കുന്നു. ആ പറഞ്ഞതിന്റെ ഉള്ളിലുള്ള അർത്ഥങ്ങളെല്ലാം നാട്ടരാജാക്കന്മാർ; നാട്ടരാജ്യങ്ങളിൽ നല്ലപോലെ ആലോചിച്ചു പ്രവൃത്തിക്കേണ്ടതാണു്. നമ്മുടെ മഹാരാജാവു് തിരുമനസ്സുകൊണ്ടു് അതിന്റെ അർത്ഥം പരിപൂർണ്ണമായും ഗ്രഹിച്ചുവെന്നാണു് ഇന്നലെ വായിച്ച സന്ദേശത്തിൽനിന്നും വരുന്നതു്. പരിപൂർണ്ണ സ്വാതന്ത്ര്യം ഇൻഡ്യയിലുള്ള ന്യൂനപക്ഷങ്ങൾക്കു് കൊടുക്കുകയെന്നു് പറഞ്ഞാൽ ന്യൂനപക്ഷങ്ങൾ നാട്ടരാജാക്കന്മാരെ നിസ്സഹായതയിലേക്കു് തള്ളുകയെന്നാണു് അർത്ഥം. ആ നിസ്സഹായതയിൽനിന്നു് നാട്ടരാജാക്കന്മാർക്കു രക്ഷപ്പെടുന്നതിനു നാട്ടരാജ്യങ്ങൾതമ്മിലുള്ള മഹാസംഘടനകൊണ്ടു് വലിയ പ്രയോജനമില്ല. മൈസൂർ; പുതുക്കോട്ട, തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടരാജ്യങ്ങൾക്കേന്തള്ള ഒരു ഫെഡറേഷൻകൊണ്ടു് എന്തു മെച്ചമാണു് ഈരാജ്യങ്ങൾക്കു് വരുവാനുള്ളതെന്നു് നല്ലപോലെ ആലോചിക്കണം. അതുകൊണ്ടു് മഹാരാജാവു് തിരുമനസ്സുകൊണ്ടു പറഞ്ഞിരിക്കുന്നതുപോലെ ഇവിടെ ഒരു കേരളസംസ്ഥാനം വരണം; കേരളസംസ്ഥാനം ഇൻഡ്യൻയൂണിയന്റെ അകത്തുമായിരിക്കണം. അതാണു് മഹാരാജാവു തിരുമനസ്സിലെ സന്ദേശം. ഇവിടത്തെ ജനങ്ങളും, തിരുവിതാംകൂറിലെ ജനങ്ങളും ബ്രിട്ടീഷ്മലബാറിലെ ജനങ്ങളും വളരെകാലമായി ആഗ്രഹിച്ചുകൊണ്ടിരിന്ന ഒരു സംഗതിയുമാണിതു.

കേരളസംസ്ഥാനം വേണമെന്നു് പ്രജാമണ്ഡലം അടുത്തുതന്നെ പാസ്സാക്കി. അതുപോലെതന്നെ എസ്സു്. എൻ. ഡി. പി. യും ഒരു കേരളസംസ്ഥാനം വേണമെന്നു് പാസ്സാക്കിയിട്ടുണ്ടു്. മലബാറിലുള്ള പല സംഘടനകളും ഇതിനുമുമ്പുതന്നെ പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ടു്. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി അവർകൾതന്നെ സെൻറതോമസ്സു് കോളേജിൽവെച്ചു് ചെയ്ത ഒരു പ്രസംഗത്തിൽ കേരളസംസ്ഥാനം ആവശ്യമാണെന്നു പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഇതു് പുതിയ ഒരു സംഗതിയല്ല, വളരെ മുമ്പെ ഇവിടത്തെ ജനങ്ങൾ ഇതു ആലോചിക്കുവാൻ തുടങ്ങി. ഇപ്പോൾ തിരുമനസ്സുകൊണ്ടു് പറഞ്ഞതു് കൂടുതൽ ഉത്സാഹത്തിനു് പ്രേരണയായിട്ടുണ്ടു്. തിരുമനസ്സുകൊണ്ടു് വേറെ ഒരു പ്രധാനസംഗതിയും പറഞ്ഞിട്ടുണ്ടു്. തിരുമനസ്സുകൊണ്ടു് വ്യവസ്ഥാപിത ഭരണമാണു് ഇഷ്ടപ്പെടുന്നതെന്നു പറഞ്ഞു. ഇപ്പോൾ വ്യവസ്ഥാപിത ഭരണം ഇവിടെയുണ്ടോ? ഉദ്യോഗസ്ഥഭരണത്തിനുമുണ്ടു് ഒരു വ്യവസ്ഥാപിതത്വം. കൊച്ചിയിൽ ഇപ്പോൾ ഉദ്യോഗഭരണമാണല്ലൊ പ്രധാനമായി ഉള്ളതു്. അതിനും ഒരു വ്യവസ്ഥയൊക്കെ വേണം. ഇപ്പോൾ അതുപോലും യാതൊന്നുമില്ല. ഇവിടെ അസ്സുത്രിയിൽ ജോലിയുള്ള ഒരു ഈഴവനെ മെഡിക്കൽ കോളേജിലേക്കു് അയച്ചതിനെക്കുറിച്ചു് എത്ര സമയമാണു് ഇന്നു കാലത്തു് കളഞ്ഞതു്. അതുപോലെ എത്ര, എത്ര കാര്യങ്ങൾ അതിലുമുപരിയായി മറ്റുള്ള സമുദായക്കാ

LIBRARY ARCHIVES Kerala Legislative Assembly

ത്തെ കാര്യത്തിൽ ചെയ്തിട്ടുള്ളതായി കിടക്കുന്നു. ഒരു ഈഴവന്റെ കാര്യം വന്നപ്പോൾ അതിന്നപ്പുറം ചെയ്തിട്ടുള്ളതൊന്നും ആലോചിക്കാതെ ഈ കാര്യത്തിന്ന് ഈ സഭയുടെ മുക്കാൽ മണിക്കൂർ സമയത്തോളം കളഞ്ഞു.

Mr. P. Kumaran Ezhuthassan *(Vadakkancheri):* It is a wrong angle. That was not what was intended.

റാവു സാഹിബ് കെ. അയ്യപ്പൻ: ഇങ്ങിനെയുള്ള കാര്യങ്ങളിൽ എപ്പോഴും എന്റെ അങ്കിളെല്ലാം ഒരുവേള തെറ്റാറാണെന്ന തോന്നാമെങ്കിലും ഇവിടത്തെ ഭരണത്തിൽ വലിയ തകരാറുകൾ ഇപ്പോഴുണ്ടെന്നതു് ഗവമ്മെണ്ടിന്റെ അറിവിനായി ഞാൻ പറഞ്ഞുകൊള്ളുന്നു. ചില കുടുംബങ്ങളിൽ പെട്ടവർക്കു് ഒരു നിയമവുമില്ലാതെ സപ്ലീസിൽ എത്രയെങ്കിലും മകളിൽ പോകാം. ഞാൻ ഈ പറയുന്നതു് ജാതിമതഭേദമില്ലാതെ സാമാന്യ ജനങ്ങളുടെ ഉള്ളു് നീറിട്ടുള്ള വേദനയാണെന്നുള്ളതു് ഈ ഗവമ്മെണ്ടുവഴി മഹാരാജാവു തിരുമനസ്സിനെ അറിയിക്കുന്നു. അതിൽ ഈഴവനെന്നോ, നായരെന്നോ, മറ്റാരാ ഭേദമില്ല. ഒരു യോഗ്യതയും നോക്കാതെ, ഒരു സീനിയോറിട്ടിയും നോക്കാതെ ചിലരെയെല്ലാം അങ്ങോട്ടു് ഉയത്തിക്കൊണ്ടുപോകുന്നു. ഞാൻ ഈ കാര്യത്തിൽ ഒരു താക്കീതു കൊടുക്കുന്നു. ഇങ്ങിനെ ന്യായരഹിതമായി ഉയത്തിയവരെയെല്ലാം പിടിച്ചു താഴെ കൊണ്ടുവരുന്ന ഒരു ഗവമ്മെണ്ടു് ഉണ്ടാകുമെന്നു്. ഇങ്ങിനെയുള്ള അനീതികളെയെല്ലാം മാറ്റുന്ന ഒരു ഗവമ്മെണ്ടു് വരുമെന്നു ഞാൻ പറയുന്നു. അതുകൊണ്ടു് കിട്ടുന്നകാലം എങ്ങിനെയെങ്കിലും ഉപയോഗിച്ചു് അവരേയും, ഇവരേയും കടത്തിക്കൊണ്ടുപോകുന്ന മനഃസ്ഥിതി അങ്ങേക്കിലുമുണ്ടെങ്കിൽ അതു് ഇനിയുള്ളകാലങ്ങളിൽ വിലപ്പോവുകയില്ലായെന്നു് ഞാൻ അവരെ അറിയിച്ചുകൊള്ളുന്നു. ഒരു തമ്പുരാൻ സിക്രട്ടറിയേറ്റിലുള്ളപ്പോൾ വളരെയൊക്കെ അഴിമതികൾ ഇല്ലായ്മചെയ്യുവാൻ കഴിയേണ്ടതായിരുന്നു. അങ്ങിനെ ചെയ്യണമെന്നും ഞാൻ അവശ്യപ്പെടുന്നു. ഇതൊക്കെ വളരെ സങ്കടത്തോടുകൂടി പറയുന്ന സംഗതികളാണു്. ഇതിനെല്ലാം പരിഹാരമായിട്ടു് എന്താണു് വേണ്ടതു്. ഇതെല്ലാം മാറണമെന്നുണ്ടെങ്കിൽ ഒരു സംഗതിയാണു് എനിക്കു പ്രധാനമായിട്ടു് പറയുവാനുള്ളതു്. ജനങ്ങളെ നന്നാക്കുവാനും, രക്ഷിക്കുവാനും വേണ്ടീട്ടു് വിഷ്ണു പത്തു പ്രാവശ്യം അവതാരമെടുക്കുകയുണ്ടായി. അവസാനത്തെ വിഷ്ണുവിന്റെ അവതാരത്തിൽ വിഷ്ണുവിന്റെ മക്കൾതന്നെ തമ്മിൽതല്ലി ചാകേണ്ടതായിട്ടുവന്നു. പോകാനാകയില്ലെന്നുകണ്ടു വിഷ്ണു ഒടുവിൽ പാലാഴിയിൽപോയി ഉറക്കമായി. പിന്നെ അവതരിച്ചിട്ടില്ല. ലോകത്തിന്റെ ആരംഭംമുതല്ലേ എല്ലാ ഗവമ്മെണ്ടുകളുടേയും ഉദ്ദേശം ജനങ്ങളെ രക്ഷിക്കണമെന്നുള്ളതാണു്. ജനങ്ങളെ രക്ഷിക്കണമെന്നതന്നെയാണു് നമ്മുടെ മഹാരാജാക്കന്മാരുടെയും ആത്മാർത്ഥമായ അഭിപ്രായം. ജനങ്ങൾക്കു എന്നാലും രക്ഷവരുന്നില്ല. ഭരണീയരും ഭരിക്കുന്നവരും രണ്ടായിരിക്കുന്നിടത്തോളംകാലം ജനങ്ങൾക്കു രക്ഷ വരില്ല. ജനങ്ങൾതന്നെ ജനങ്ങളെ ഭരിച്ചാലെ ഭരണം നന്നാകയുള്ളു. ജനങ്ങൾക്കു രക്ഷയും വരികയുള്ളു. ജനങ്ങളെ ഭരിക്കുവാൻ ജനങ്ങളെത്തന്നെ ഏല്പിക്കണം. മഹാരാജാവു തിരുമനസ്സിലെ സന്ദേശത്തിൽ ഒരു കാര്യം പറയുകയുണ്ടായി. തിരുമനസ്സിന്റെ കുടുംബത്തിന്റെ കാര്യം, നിങ്ങളെ ഏല്പിക്കുന്നുവെന്നു്. രാജകുടുംബാംഗത്തിന്റെ നിലനിൽപ്പിന്റെ കാര്യം വളരെ ഭക്തിയോടുകൂടി കൊച്ചിയിലെ ജനങ്ങൾ ഏല്ക്കുന്നതാണു്. പക്ഷെ, ആ ഭാരം ഏല്പിക്കുന്നതോടുകൂടി വേറെയൊന്നുകൂടി ഏല്പിക്കണം. ഭരിക്കുവാനുള്ള ശക്തിയുംകൂടി ഏല്പിക്കണം. ഉദ്യോഗസ്ഥഗവമ്മെണ്ടിനെ വെച്ചുകൊണ്ടു് അതു സാദ്ധ്യമല്ല. അതുകൊണ്ടു് തിരുമനസ്സുകൊണ്ടു് ആദ്യം ഏല്പിക്കുന്ന നിക്ഷിപ്തത്തെ കാക്കുവാൻ വേണ്ടതായ കരുത്തും, കഴിവുമുള്ളതായ ഉത്തരവാദഭരണം ഏർപ്പെടുത്തുവാൻ തിരുമനസ്സുകൊണ്ടു് ആലോചിച്ചുതന്നെ പറഞ്ഞതാണെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. അതിൽ തിരുമനസ്സുകൊണ്ടു പിന്നെയും പറയുന്നു ബ്രിട്ടീഷ് കാരുടെ മാതൃകപോലെ അതു മനോഹരമായിട്ടുള്ള ഒരു മാതൃകയില്ലെന്നു്. പഴത്ത പഴങ്ങൾ ഉരുണ്ടുവീഴുന്നമാതിരി എത്രയെത്ര സിംഹാസനങ്ങളാണു് യൂറോപ്പിൽ പിടുപിടാ വീണതു്. അപ്പോഴും ഇംഗ്ലണ്ടിലെ സ്ഥിതിയെന്താണു്. അവിടത്തെ ജനങ്ങൾ അവരുടെ പ്രിയപ്പെട്ട രാജാവോടുകൂടി സോഷ്യലിസംവരെ എത്തി. കുഴപ്പം വല്ലതുമുണ്ടോ? അതുകൊണ്ടു് തിരുമനസ്സുകൊണ്ടു്, തിരുമനസ്സിലേയും, തിരുമനസ്സിന്റെ ഗവമ്മെണ്ടിന്റേയും ഇടയിൽ ചില കസ്തൂരിക്കാർ കയറിവന്നു് തിരുമനസ്സിലേയും, അവിടത്തെ ജനങ്ങളേയും തിന്നിപ്പിക്കാതിരിക്കുവാൻ, തിരുമനസ്സിലേയും, ജനങ്ങളുടേയും നല്ലപേരിനെ നിലനിറുത്തുവാൻവേണ്ടി ജനങ്ങൾതന്നെ ഭരിക്കട്ടെ എന്നുവെക്കണം. അതു് ഉടനെതന്നെ പറയണം. പക്ഷെ കൊല്ലമായിട്ടുണ്ടു് ഉത്തരവാദഭരണവാദം തുടങ്ങീട്ടു്. ബ്രിട്ടീഷ് ഇൻഡ്യയിലെപ്പോ

LIBRARY ARCHIVES Kerala Legislative Assembly

ലെ ഹിന്ദുമുസ്ലീം വഴക്കോ, വേറെ വഴക്കുകളൊ ഇവിടെയില്ല. സമുദായവാദത്തിന്റെ അ ഗ്രേസരനാണ ഞാൻ. ഞാൻ പറയുന്ന ആക്കെങ്കിലും ഭരണം ഏല്പിച്ചുകൊടുക്കുകയെന്നു. (ഹിയർ, ഹിയർ) ഇവിടെ ഒരു വഴക്കുമില്ല ഇതു് എല്ലാ സമുദായങ്ങൾക്കും ഗുണമായിരി ക്കുമെന്നുള്ള പൂർണ്ണ വിശ്വാസം വെച്ചുകൊണ്ടതന്നെയാണു് ഞാൻ പറയുന്നതു്. അതു നോ ക്കാതെ പറയുന്നതല്ല. ഉദ്യോഗസ്ഥഗവമ്മെണ്ടിൽനിന്നും കിട്ടുന്നതിൽ കൂടുതൽ ഗുണം ജന പ്രതിനിധികളിൽനിന്നു കിട്ടും. കിട്ടിയില്ലെങ്കിൽ അതു് വാങ്ങിക്കാമെന്നുള്ള ധൈര്യമുള്ള തുകൊണ്ടു് ഭരണം ജനങ്ങളെ ഏല്പിച്ചുകൊടുക്കുക എന്നാണു് പറയുന്നതു്. അതിനു് ഉടനെ തന്നെ ഗവമ്മെണ്ടു് ആലോചിക്കേണ്ടിയിരിക്കുന്നു. ഇതു് പിന്നീടാകാമെന്നു വിചാരി ച്ചാൽ ശരിയാവുകയില്ല. ഭീഷണിയൊന്നും ഇതിലില്ല. ഗവമ്മെണ്ടിന്റെ ഇവിടെയിരിക്കു ന്ന ഭാഗവും സംഗതികളും മനസ്സിലാക്കുവാൻവേണ്ടി പറയുന്നതാണു്. പറഞ്ഞു മനസ്സിലാ ക്കിയാൽ ആവശ്യങ്ങളും സാധിക്കാത്തമാതിരി ദുശ്ശാഠ്യം ഇവിടത്തെ ജനങ്ങൾക്കും ഗവമ്മെ ണ്ടിനും ഉണ്ടെന്നു് തോന്നുന്നില്ല. കാര്യങ്ങളും ലളിതമായ രീതിയിൽ പറഞ്ഞു മനസ്സിലാ ക്കിയാൽ അതു് മനസ്സിലാക്കുവാനുള്ള ബുദ്ധിശക്തി ഇവിടത്തെ ഗവമ്മെണ്ടിനുണ്ടെന്നുള്ളതു് വിശ്വസിക്കുന്ന ഒരുത്തനാണു് ഞാൻ. അതുകൊണ്ടു് ഉത്തരവാദിത്വഭരണം ഉടനെ ജനപ്ര തിനിധികളെ ഏല്പിക്കുന്ന കാര്യം ഗവമ്മെണ്ടു് മഹാരാജാവു് തിരുമനസ്സിനെ ഉണർത്തിക്കു മെന്നു് ഞാൻ വിശ്വസിക്കുന്നു. ഞാൻ സെക്രട്ടറിയേറ്റിനെപ്പറ്റി പറയുന്നതിനു് വേറെ ചില കാരണങ്ങളുണ്ടു്. ഈ അടുത്തുണ്ടായ ഗവമ്മെണ്ടു പ്രസ്താവനകളിലൊക്കെ കസ്തൂരി കയും വന്നിട്ടുണ്ടു്. ഇരിങ്ങാലക്കുട സംഭവത്തെക്കുറിച്ചുള്ള പ്രസ്താവനതന്നെ അതിനു ദൃഷ്ടാ ന്തമാണു്. നിരോധന ഉത്തരവു് പിൻവലിച്ചിരിക്കുന്നുവെന്നു് പറഞ്ഞാൽ പോരായിരു ന്നൊ. ആക്ഷേപമുള്ളവർ കേസ്സു കൊടുക്കണമെന്നു് ഗവമ്മെണ്ടു പറയണ്ട ആവശ്യമുണ്ടൊ. എന്തിനു് ആ കണ്ടാമണ്ടി അതിൽ ചെലുത്തുന്നു? നല്ല പായസത്തിൽ സല്പം കാഞ്ഞിരക്കു ചേർക്കുന്നതുപോലെ, നല്ല ഒരു കാര്യം ചെയ്യാമെന്നു് തീർച്ചയാക്കിയാൽ പിന്നെ അതി നിടക്കു് സല്പമൊരു കസ്തൂരി കൂത്തിച്ചെലുത്തേണ്ട കാര്യമുണ്ടോ? ഈയിടെ രണ്ടുമൂന്നു പ്രസ്താ നോട്ടു വന്നിരുന്നു. എല്ലാം കഴമ്പുതന്നെ. അതുകൊണ്ടു് ഇങ്ങിനെയുള്ള കാര്യങ്ങളിൽ സെ ക്രട്ടറിയേറ്റിനേയും ഉണർത്തിക്കേണ്ടതായിട്ടുണ്ടു്. ജനങ്ങളോടു് ഉത്തരവാദിത്വത്തോടുകൂടി പെരുമാറുവാൻ സെക്രട്ടറിയേറ്റും ശ്രദ്ധിക്കേണ്ടതാണു്. അതുകൊണ്ടു് ഗവമ്മെണ്ടു ഉടനെ ഗ്രൂപാശ് ചെയ്യണം. എന്തിനുവേണ്ടി? ഉത്തരവാദിത്വഭരണത്തിനുവേണ്ടി. എനിക്കു് എന്റെ സഹോദരന്മാരോടു പറയുവാനുള്ളതു് ഉത്തരവാദിത്വഭരണം വരണമെന്നു് പറയുന്ന തു് വിപ്ലവം കൂടാത്ത സോഷ്യലിസ്റ്റുത്തിലേക്കു് വരാൻവേണ്ടിയാണെന്നാണു്.

മിസ്റ്റർ എം. ഐ. പോൾ : ഞങ്ങളും അതുതന്നെയാണു് പറയുന്നതു്.

റാവു സാഹിബു് കെ. അയ്യപ്പൻ : ഇപ്പോൾ ഇംഗ്ലണ്ടിൽവന്ന പരിവർത്തനം വേറെ ഒരു രാജ്യത്തു വരണമെന്നുണ്ടെങ്കിൽ വിപ്ലവംതന്നെ വേണം. അതുകൊണ്ടു് ജനങ്ങളെ ജനങ്ങ ളാൽ ഭരിക്കുന്ന ഒരു ഭരണംതന്നെ വന്നാലും പോര. ജനങ്ങളുടെ ഗുണത്തിനുവേണ്ടി വരണ മെന്നുണ്ടെങ്കിൽ സാമ്പത്തിക അടിസ്ഥാനത്തിന്മേൽ ചില വ്യത്യാസങ്ങളും വരണം. അതു കൊണ്ടു് ഏതെങ്കിലും ഭരണത്തിലുള്ള സോഷ്യലിസ്റ്റു് അടിസ്ഥാനത്തിൽ കൊച്ചിയിലും, തി രുവിതാംകൂറിലും, മലബാറിലുംകൂടി ഒരു സോഷ്യലിസ്റ്റു സ്റ്റേറ്റു് ഫെഡറേഷൻ ഉണ്ടാക്കി, അ തുവഴി ഒരു സോഷ്യലിസ്റ്റു് ഇൻഡ്യൻ യൂണിയൻ വരണമെന്നു് സ്വപ്നം കാണുന്നവരാണു് ഞങ്ങളും. അതിനുവേണ്ടി ഞങ്ങളും ഏഴുപേർ ഇവിടെ ആദ്യമെ മുന്നോട്ടുവന്നു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : സപ്ത ഋഷികളാണോ? (ചിരി).

റാവു സാഹിബു് കെ. അയ്യപ്പൻ : എന്റെ സ്നേഹിതനു് പേരുകളും കൊടുക്കുന്ന കാ ര്യത്തിൽ പ്രത്യേക വൈഭവമുണ്ടു്. അതെ സപ്തഋഷികളുതന്നെ. ഇനി വേറൊരു കാര്യം എ നിക്കു പറയാനുണ്ടു്. ഇവിടെ ക്ഷേത്രപ്രവേശന വാദത്തിനു് വിരോധി ഞാനാണെന്നു് വാദിക്കുന്ന ആളുകളും വളരെയുണ്ടു്. ഗവമ്മെണ്ടു ഭാഗത്തുനിന്നുകൊണ്ടു് ക്ഷേത്രപ്രവേശന വാ ദത്തിനു് പ്രതിബന്ധം ഉണ്ടാക്കുന്നതു് ഞാനാണത്രെ ; എന്തിനുവേണ്ടി ഞാൻ ഈ കുറ്റം ഏല്ക്കുന്നു? ഒരു ഗുണവും ഈ ഗവമ്മെണ്ടിൽനിന്നു് എനിക്കില്ല. ഞാൻ ആവശ്യപ്പെട്ടുമില്ല. വീരശൃംഘലകൊണ്ടോ, റാവു സാഹിബു് സ്ഥാനംകൊണ്ടോ യാതൊരു പ്രയോജനവു മുള്ളതായി ഞാൻ കരുതുന്നില്ല. റാവു സാഹിബു് അയ്യപ്പൻ എന്നു് എന്നെ വിളിക്കുന്നതി നേക്കാൾ പുലയൻ അയ്യപ്പൻ എന്നു വിളിക്കുന്നതിലാണു് ഞാൻ അധികം ഇഷ്ടപ്പെടുന്നതു്. എന്നാൽ ഈവക സ്ഥാനങ്ങളും ഞാൻ ആവശ്യപ്പെട്ടിട്ടല്ലാ കിട്ടിട്ടുള്ളതു്. ഞാൻ എന്റെ

LIBRARY ARCHIVES Kerala Legislative Assembly

സ്വന്തം കാര്യത്തിനുവേണ്ടി ഗവണ്മെണ്ടിൽ ഒരെയെങ്കിലും സമീപിച്ചിട്ടുള്ളതായി ആക്ഷേപിക്കുവാൻ സാധിക്കുമോയെന്നു് ഞാൻ അവിടെ ഇരിക്കുന്നവരോടു ചോദിക്കുന്നു. അതുകൊണ്ടു് ഞാൻ ഗവണ്മെണ്ടിനോടു് പറയുന്നു, മറ്റുള്ളവരുടെ വളരെ ശകാരംകൊണ്ടു് ഞാൻ ചുരുങ്ങി. ഇനി ക്ഷേത്രപ്രവേശനം സമ്പാദിക്കാതെ നിവൃത്തിയില്ലെന്നു പറഞ്ഞുകൊള്ളുന്നു. അതിനുവേണ്ടി ഒരു സത്യാഗ്രഹം തുടങ്ങുകയാണെങ്കിൽ ജയിൽ പോകാനും ഞാൻ തയ്യാറാണു്. അതിനുവേണ്ടി ഞാൻ ഒരുങ്ങിക്കഴിഞ്ഞു. ഇതുയും കാലം ഗവണ്മെണ്ടിനെ സേവിച്ചു ഒരു സേവകനെന്ന നിലയിൽ നിയമാനുസൃതമായ വാദത്തിന്മേൽ പിടിച്ചുനില്ക്കുന്നതിനു് എന്റെ എളിയ ശക്തി മുഴുവൻ ഉപയോഗിച്ചു ഒരു ഗവണ്മെണ്ടു സേവകനെന്ന നിലയിൽ, ഞാൻ ഗവണ്മെണ്ടിനോടു പറയുന്നു ക്ഷേത്രപ്രവേശനം ഉടനെ പ്രഖ്യാപനം ചെയ്യുവാൻ മഹാരാജാവു് തിരുമനസ്സിനോടു് ശുപാർശ് ചെയ്യണമെന്നു്. തിരുമനസ്സുകൊണ്ടുതന്നെ പറഞ്ഞിട്ടുണ്ടു് തിരുമനസ്സിലേക്കു സ്വന്തം നിലയിൽ വിരോധമില്ലായെന്നു്. എന്റെ സ്നേഹിതൻ മി. ഗോവിന്ദമേനോൻ തുടങ്ങിയ പ്രമാണികരും പ്രജാമണ്ഡലത്തിൽനിന്നും, നായർ സമുദായത്തിൽനിന്നു് പ്രധാനപ്പെട്ട പല യോഗ്യന്മാരുടെയും നമ്പൂതിരി സമുദായത്തിൽപ്പെട്ട പല യോഗ്യന്മാരുടെയും മറ്റും ഒപ്പുകരും ശേഖരിച്ചു് നാട്ടുകാര്യ് ഇതിൽ യാതൊരു വിരോധവുമില്ലെന്നു് ഒരു മെമ്മോറിയൽ മുഖാന്തിരം തിരുമനസ്സിനെ അറിയിച്ചിട്ടുണ്ടു്. അപ്പോരും തിരുമനസ്സുകൊണ്ടു് കല്പിക്കുകയുണ്ടായി; തനിക്കു് യാതൊരു വിരോധവുമില്ലെന്നു്. എന്നോടതന്നെ തിരുമനസ്സുകൊണ്ടു് കല്പിക്കുകയുണ്ടായിട്ടുണ്ടു് തിരുമനസ്സിലേക്കു് യാതൊരു വിരോധവുമില്ലെന്നു്. ഈ അവസരം ഉപയോഗിക്കുവാൻ ഗവണ്മെണ്ടു് ശ്രമിച്ചില്ലെങ്കിൽപിന്നെ ഈ ഗവണ്മെണ്ടിന്നു് എന്തുപേരാണു് നാം കൊടുക്കേണ്ടതു്.

മിസ്റ്റർ ജോസ്സ് കെ. വട്ടിസ്സ്: ഒരാം നിയമം ബ്രേക്കു് ചെയ്യണം.

റാവുസാഹിബു് കെ. അയ്യപ്പൻ: ഗവണ്മെണ്ടിന്റെ കയ്യിന്നു് ശക്തികൂട്ടാൻവേണ്ടി സത്യാഗ്രഹം എടുക്കേണ്ടിവന്നാൽ അതെടുക്കുമെന്നല്ലാതെ ഞങ്ങൾ നിയമം ലംഘിക്കുവാൻ പോകുന്നില്ല. ഗവണ്മെണ്ടിനു് പൊല്ലീസും, പട്ടാളവുമെല്ലാമുണ്ടു്. ആദ്യം നല്ല അടിയും, ഇടിയുമെല്ലാം കൊള്ളേണമെന്നു് ഞങ്ങൾക്കറിയാം. പൊല്ലീസ്സ് സ്റ്റേഷനിൽ പിടിച്ചുകൊണ്ടുപോയി ഉള്ളൻകാലിൽ അടിച്ചുവെന്നും വരാം. ഏതായാലും ഞാൻ ഗവണ്മെണ്ടിനോടു പറയുന്നതു് ഞങ്ങൾ ക്ഷേത്രപ്രവേശനം കിട്ടാതെ മടങ്ങുകയില്ലായെന്നാണു്. ഈ രാജ്യത്തിലെ രാഷ്ട്രീയ സംഘടനകളും സാമുദായിക സംഘടനകളും ചേർന്നു ഇതിന്നുവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചിരിക്കുന്നു. കൊച്ചി ഗവണ്മെണ്ടിന്നു് ഇതിൽ എന്താണു് ഇത്രപരിഭ്രമമുള്ളതു്. അതിന്റെ ആവശ്യമെന്തു? തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശനം വന്നിട്ടു വല്ല കുഴപ്പവും ഉണ്ടായൊ? അതിന്നുശേഷം വേറെ പല സ്ഥലത്തും ക്ഷേത്രപ്രവേശനംകൊടുത്തു. എന്നിട്ടു വല്ല കുഴപ്പവുമുണ്ടായൊ? പള്ളികളെപ്പോലെയാക്കണം ക്ഷേത്രങ്ങളും. പള്ളിയിൽ ഏതുജാതിക്കും പ്രവേശിക്കാം. ഞങ്ങളുടെ അമ്പലത്തിൽ ക്രിസ്ത്യാനിക്കും, മുസ്ലിമിന്നും, പുലയനും മറ്റെല്ലാജാതിക്കാർക്കും കയറാം. ഞാൻ ഒരിക്കൽ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയെ ഞങ്ങളുടെ അമ്പലത്തിലേക്കു് വിളിച്ചുകൊണ്ടുപോയി. ഞങ്ങളുടെ ക്ഷേത്രങ്ങളോളം പ്രാചീനമുള്ള ഒരു ക്ഷേത്രം ജാതിഹിന്ദുക്ഷേത്രങ്ങളുടെയിടയിൽ, കേരളം മുഴുവൻ നോക്കിയാൽ കാണുകയില്ല. ഇവിടെ രണ്ടുകാര്യങ്ങളാണു് പ്രധാനമായിട്ടും, അടിയന്തിരമായിട്ടും ചെയ്യേണ്ടതു്. ക്ഷേത്രപ്രവേശനവും, ഉത്തരവാദിത്വഭരണവും. ബുദ്ധിയുള്ള ഗവണ്മെണ്ടാണെങ്കിൽ ഉത്തരവാദഭരണം ആദ്യം കൊടുക്കുകയാണു് വേണ്ടതു്. ഉത്തരവാദഭരണം വന്നുകഴിഞ്ഞാൽ ക്ഷേത്രപ്രവേശനം താനെ ഉണ്ടായികൊള്ളും. അല്ലെങ്കിൽ അതിന്നുള്ള ശകാരം മുഴുവൻ ഉത്തരവാദിത്വഗവണ്മെണ്ടിന്നു് ഏല്ക്കേണ്ടിവരുമല്ലോ. ക്ഷേത്രപ്രവേശനം കൊടുക്കുകയാണെങ്കിൽ നായന്മാരുടെയും, ബ്രാഹ്മണരുടെയും, ക്ഷത്രിയരുടെയും മറ്റും അന്ധവിശ്വാസം നീങ്ങുന്ന ഒരു വലിയ പരിഷ്കാരം കൂടിയായിരിക്കും. ഒരു മനുഷ്യനു മറ്റൊരു മനുഷ്യനെ തൊടാൻപാടില്ലായെന്നു പറയുന്നതു് അവന്റെ ആത്മാത്മികമായ അധഃപതനത്തെയാണു് കാണിക്കുന്നതു്. അയിത്തത്തിൽ വിശ്വസിക്കുകയും അയിത്തം ആചരിക്കുകയും ചെയ്യുന്നവർക്കു് ജനങ്ങളെ ഭരിക്കുവാനൊ, ജനങ്ങളുടെ നേതൃത്വം വഹിക്കുവാനൊ, യാതൊരു അവകാശവുമില്ല. ഈവക സംഗതികരും എല്ലാവരും അറിയണം. കൊച്ചി രാജ്യം മുഴുവനും ആവശ്യപ്പെടുന്നു, ഈ പരിഷ്കാരം വരുത്തണമെന്നു്. അതുകൊണ്ടു് ഗവർമ്മെണ്ടു് ഇതിന്നു വേണ്ടതു ഉടനെ ചെയ്യണം. ഈ കാര്യത്തിൽ നമ്മുടെ ദിവാൻജിയെ കുറ്റംപറഞ്ഞിട്ടുകാര്യമില്ല. ദിവാൻജിയെ സംബന്ധിച്ചിടത്തോളം ഒരു കാര്യം എനിക്കറിയാം. അദ്ദേഹം ഇ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങിനെയുള്ള കാര്യത്തിൽ വളരെയെല്ലാം പരിശ്രമിച്ചിട്ടുണ്ട്. ഇരിങ്ങാലക്കുടയിലെ കാര്യത്തെപ്പറ്റി അദ്ദേഹം എത്രത്തോളം ബുദ്ധിമുട്ടിട്ടുണ്ടെന്നു എനിക്കറിയാം. ഉത്തരവാദിതപ്പെരണം വരുന്നകാര്യത്തിലും അദ്ദേഹത്തിനു് യാതൊരു വിരോധവുമില്ല. Sir George Boag said "I shall gladly quit." ഉത്തരവാദിതപ്പെരണം ഏല്പെട്ടത്താതെ ഇനി ജനങ്ങൾ അടങ്ങിയിരിക്കുകയില്ല.

Mr. Deputy President: The Hon'ble Member has already exceeded his time limit.

Roa Sahib K. Ayyappan *(Ezhuvas-Kanayannur):* Then I have concluded, Sir.

മിസ്റ്റർ സി. എസ്സ്. പണിക്കർ: മിസ്റ്റർ പ്രസിഡണ്ടു്, സർ, സാധാരണ കൊല്ലങ്ങളെക്കാൾ വ്യത്യസ്ഥമായ ഒരു നിലയിലാണു് ഇക്കൊല്ലത്തെ ബഡ്ജറ്റു് ധനകാര്യമെമ്പർ അവതരിപ്പിച്ചിട്ടുള്ളതെന്നു് എനിക്കു മുമ്പു് ഇവിടെ പ്രസംഗിച്ച ഒന്നരണ്ടാളുകൾ പ്രസ്താവിക്കയുണ്ടായി. അദ്ദേഹം യാഥാസ്ഥിതികമനസ്ഥിതി അല്പമൊന്നുപേക്ഷിച്ചു, അത്രമാത്രമേയുള്ളു. കുട്ടിവെയ്പുകാണിക്കണമെന്നുള്ള സമ്പ്രദായത്തിൽനിന്നു വ്യതിചലിച്ചു് നാട്ടിന്റെ ചിലവിനങ്ങളാണു് പ്രധാനമായികണക്കാക്കേണ്ടതു് എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ ബഡ്ജറ്റു് അവതരിപ്പിച്ചിട്ടുള്ളതു്. എന്നാൽ ഈ വരുമാനങ്ങൾ ശരിയായി വിനിയോഗിക്കുന്നതിൽ ഗവർമ്മെണ്ടിന്റെ കടമയെന്തെന്നു് യഥാർത്ഥത്തിൽ ഗവർമ്മെണ്ടു് ധരിച്ചിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. വരുമാനം നൂറുലക്ഷം രൂപയെന്നുപറയുന്നതു് ഇന്നത്തെ നിലയിൽ കൊച്ചിയെ സംബന്ധിച്ചിടത്തോളം ആശാസ്യമായിട്ടുള്ള ഒന്നാണെന്നു ഞാൻ പ്രസ്താവിക്കുന്നതായാൽ അതിലൊട്ടും അതിശയത്തിനവകാശമില്ല. എന്നാൽ ഈ വരുമാനത്തിൽ പ്രധാനമായ ഇനം ഇന്നതാണെന്നും, അതുണ്ടാക്കുന്ന രീതി എത്രയും അനഭിലഷണീയമാണെന്നും ഇതിനുമുമ്പു പലരും സൂചിപ്പിച്ചതിനെ ഞാനും ശരിവെയ്ക്കുന്നുണ്ടു്. അതായതു ബഡ്ജറ്റിലെ ഏതാണ്ടു മൂന്നിലൊരുഭാഗം സംഖ്യയും, തൊഴിലാളികളേയും കർഷകന്മാരേയും ന്യായപൂർവ്വമായ വിധത്തിൽ ചൂഷണംചെയ്യുന്നതിനു് ഏല്പെട്ടത്തീട്ടുള്ള എക്സൈസ്സു് ഡിപ്പാർട്ടുമെണ്ടിൽനിന്നാണെന്നു അറിയുമ്പോൾ ഒരിക്കലും നമുക്കു് അതിൽ അഭിമാനംകൊള്ളുവാൻ നിവൃത്തിയില്ല. ആ വിധത്തിലല്ലാതെ പുതിയതായിരിക്കുന്ന പദ്ധതിയിൽകൂടി വരുമാനം ഉണ്ടാകണമെന്നുണ്ടെങ്കിൽ അതിലേക്ക ശരിയായിട്ടുള്ള ചില നടപടികൾ ഗവമ്മെണ്ടു് എടുക്കേണ്ടതായിവരും. അതിനു ഇന്നത്തെ ഗവമ്മെണ്ടിനു മനസ്ഥിതിയുമില്ല, അതിനുള്ള സാദ്ധ്യതയും ഇല്ലെന്നാണു് എന്റെ വിശ്വാസം. ആ നിലയിൽകൂടി വരുമാനത്തെ വർദ്ധിപ്പിക്കണമെന്നുണ്ടെങ്കിൽ ഉത്തരവാദിതപ്പെരണം കിട്ടിയില്ലാതെ സാധിക്കുകയില്ല. ഉത്തരവാദിതപ്പെരണത്തെക്കുറിച്ചു നാം ചിന്തിക്കുമ്പോൾ അതിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനു അത്യന്താപേക്ഷിതമായിട്ടുള്ള സാക്ഷരതയുടെതോടുകൂടിയുള്ള ഒരു ജനാവലിയാണെന്നുവന്നുചേരും. ആ സാക്ഷരതയുടെതോടുകൂടിയുള്ള ജനാവലി എപ്രകാരമുണ്ടാക്കുവാൻ സാധിക്കുമെന്നുള്ള പശ്ചാത്തലത്തിൽകൂടി ഞാൻ ഗവമ്മെണ്ടിന്റെ വിദ്യാഭ്യാസവകുപ്പിനെ ഒന്നു വിമർശ്ശിക്കുവാനാണു് ഉദ്ദേശിക്കുന്നതു്. ഒരു രാജ്യത്തെ ജനാവലിക്കു ആവശ്യമായ ഭക്ഷണം, വസ്ത്രം എന്നിവപോലേയൊ അതിൽകവിഞ്ഞതൊ ആയ പ്രാധാന്യത്തെ അർഹിക്കുന്ന ഒന്നാണു് വിദ്യാഭ്യാസം. ആ വകുപ്പിനെ ഈ അവസരത്തിൽ സവിസ്തരമായിട്ട വിമർശിക്കുന്നതിനു അതിന്റെ പ്രവർത്തനത്തെ കൂലങ്കഷമായി വിമർശിക്കുന്നതിനു സമയച്ചുരുക്കം എന്നെ അനുവദിക്കുമെന്നു തോന്നുന്നില്ല.

ആകെയുള്ള വരുമാനത്തിൽ ഫ്രീ ചിലപ്പോൾ ലക്ഷം ഉറപ്പിക്കയാണു് വിദ്യാഭ്യാസവകുപ്പിലേക്കു നീക്കിവെച്ചിട്ടുള്ളതു. ഈ ഫ്രീ ചിലപ്പോൾ ലക്ഷം ഉറപ്പിക എന്നുള്ളതു ഒരു ഭീമമായ തുകയാണെന്നു ഒരു തെറ്റിദ്ധാരണ ആക്ഷം ഉണ്ടാകാം. കൊച്ചീരാജ്യത്തെ മുതലെടുപ്പിൽ ഏതാണ്ടു മുന്നു ശതമാനംമാത്രമേ പ്രസ്തുത സംഖ്യ എത്തിച്ചേരുന്നുള്ളു. ഈ അവസരത്തിൽ രാജ്യകാര്യങ്ങളിൽ അതിവൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള സർ ആൽബിയൻ ബാനർജി ഒരവസരത്തിൽ ചെയ്തിട്ടുള്ള പ്രസ്താവന ഞാനിവിടെ ഉദ്ധരിച്ചുകൊള്ളുന്നു. അദ്ദേഹം ഒരിക്കൽ പ്രസ്താവിച്ചിട്ടുള്ളതു് ഒരു രാജ്യത്തിലെ സാമാന്യജനങ്ങളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ആ രാജ്യത്തെ വരുമാനത്തിന്റെ ൨൦ ശതമാനമെങ്കിലും ചിലവുചെയ്യുക എന്നുള്ളതു് ഒരു പ്രധാന കർത്തവ്യനിർവ്വഹണം മാത്രമായിരിക്കുമെന്നാണു്. ആ വീക്ഷണഗതിയിൽകൂടി നോക്കുമ്പോൾ വിദ്യാഭ്യാസവകുപ്പിലേക്കുള്ള ചിലവു് ഒട്ടും അധികമല്ലെന്നും പ്രത്യുത പോരാതെയാണിരിക്കുന്നതെന്നും മനസ്സിലാകും. എന്നാൽ ചിലവു ചുരുക്കത്തെമാത്രമല്ല ഞാൻ ആക്ഷേപിക്കുന്നതു്. ചിലവുചുരുക്കംകൊണ്ടുതന്നെ കാര്യക്ഷമമായവിധത്തിൽ പ്രവൃത്തിക്കുന്നുണ്ടെ

LIBRARY ARCHIVES Kerala Legislative Assembly

കിൽ നമുക്കെല്ലാർക്കും അതുസന്തോഷപ്രദവും ആശ്വാസകരവുമായ ഒരു സംഗതിയായിരിക്കും. അടുത്തപത്തുകൊല്ലക്കാലമായി വിദ്യാലയങ്ങളിൽനിന്നു പുറത്തുവരുന്ന വിദ്യാർത്ഥികളുടെ വിവിധവിഷയങ്ങളിലുള്ള പരിജ്ഞാനത്തെ ഒന്നു പരിശോധിക്കുന്നതായാൽ നമുക്കു അറിയുവാൻ സാധിക്കുന്നതാണു്, ഇന്നത്തെ വിദ്യാഭ്യാസം സിദ്ധിച്ചു പുറത്തുവരുന്നവർ തുലോം പിന്നണിയിലാണെന്നു. അതു് നമ്മുടെ ഗവമ്മെണ്ടിനു ഇനിയും മനസിലായിട്ടില്ലെങ്കിൽ ഗവമ്മെണ്ടിൽനിന്നു നിയുക്തമായിട്ടുള്ള കമ്മിറ്റി അടുത്ത അവസരത്തിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലേക്കു ഞാൻ ഗവർമ്മെണ്ടിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു. സ്റ്റാഫ് സെലക്ഷൻ ബോർഡിൽനിന്നു നിയമനം നടത്തേണ്ടതു ആവശ്യമാണൊ? അതു് കായ്ക്ഷമതയെ എത്രമാത്രം ബാധിക്കുന്നുണ്ടു് എന്നു പരിശോധിക്കുന്നതിനു നിയമിച്ചിട്ടുള്ള കമ്മിറ്റി ഏകകണ്ഠമായി അഭിപ്രായപ്പെട്ടിട്ടുള്ളതു് അതിൽ കായ്ക്ഷമതക്കു എന്തെങ്കിലും ഹാനിവന്നിട്ടുണ്ടെങ്കിൽ അതു ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത, കായ്ക്ഷമതയില്ലായ്മ ഒന്നുമാത്രമെന്നാണു്. അതിൽനിന്നുമനസ്സിലാക്കാം ഇന്നത്തെ വിദ്യാഭ്യാസം പുരോഗതിയിലല്ല, തുലോം അധോമുഖമായിട്ടാണു് പോകുന്നതെന്നു. അതിനുള്ള പ്രധാന കാരണമെന്താണെന്നു നമുക്കു ആലോചിക്കേണ്ടിയിരിക്കുന്നു. പാഠ്യപുസ്തകങ്ങൾക്കൊ വിദ്യാർത്ഥികളുടെ മസ്തിഷ്കത്തിനൊ ഒരു മാറ്റവും വന്നിട്ടുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ എവിടെയാണു് ആ കോട്ടം കിടക്കുന്നതെന്നു ആലോചിക്കുന്നതായാൽ വിദ്യാഭ്യാസത്തിന്റെ മൂന്നാമത്തെ ഘടകമായ അദ്ധ്യാപകന്മാരിലേക്കാണു് നമ്മുടെ ശ്രദ്ധചെന്നുചേരുന്നതു്. ഇന്നു അദ്ധ്യാപകന്മാരുടെ അധഃപതനത്തിനു പ്രധാനമായ ഉത്തരവാദിത്വം നമ്മുടെ ഗവമ്മെണ്ടിനുള്ളാതെ മറ്റാർക്കും അല്ലെന്നു ഇവിടെ കായ്കാരണസഹിതം അറിയിക്കാം. സംതൃപ്തമായിരിക്കുന്ന ഒരു അദ്ധ്യാപകലോകത്തിനുള്ളാതെ വിദ്യാഭ്യാസത്തെ കായ്മമായവിധത്തിൽ പുരോഗമിപ്പിക്കുവാൻ സാധിക്കുകയില്ല. ഇന്നത്തെ അദ്ധ്യാപകന്മാർ അവരുടെ അദ്ധ്യാപകവൃത്തിസെൻസ്സ് ഓഫീസിൽ പറയുകയാണെങ്കിൽ ഒരു ഉപതൊഴിലായിട്ടാണു് സ്വീകരിച്ചിരിക്കുന്നതു്. വിദ്യാഭ്യാസത്തിന്റെ അസ്ഥിവാരമായ പ്രാഥമിക അദ്ധ്യാപകന്മാരുടെ ഇടയിലാണു് എന്തെന്നില്ലാത്ത ഇളക്കം തട്ടിയിട്ടുള്ളതെന്നു് ഇവിടത്തെ ഗവമ്മെണ്ടിനു ഇതിനകം മനസ്സിലായിട്ടുണ്ടായിരിക്കുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. അദ്ധ്യാപകന്റെ തൊഴിലിന്റെ മാഹാത്മ്യത്തെക്കുറിച്ചു് ആർ എത്രതന്നെ ഉച്ചത്തിൽ ഉൽഘോഷിക്കുന്നതായാലും പ്രായോഗികമായ ഇന്നത്തെ ലോകത്തിൽ അതു് വിലപ്പോകുമെന്നു് എനിക്കു തോന്നുന്നില്ല. മറ്റാരേയും ആശ്രയിക്കാതെ തന്റെ തൊഴിലിൽനിന്നുള്ള വരുമാനത്തെ മാത്രം ആസ്പദമാക്കി ജീവിതം നിർവ്വഹിക്കുവാനുള്ള പരിതസ്ഥിതി ഇന്നത്തെ പ്രാഥമിക വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്കുണ്ടൊ എന്നു ഗവമ്മെണ്ടു ചിന്തിക്കേണ്ടിയിരിക്കുന്നു. അതുണ്ടാക്കി കൊടുക്കേണ്ടതു ഏതൊരു പരിഷ്കൃത ഗവമ്മെണ്ടിന്റേയും ഒരു പ്രധാന ചുമതലയാണു്. ദിവംഗതനായ മഹാരാജാവു തിരുമനസ്സിലെ കാരുണ്യാതിരേകത്തിന്റെ ഫലമായിട്ടാണു് പ്രാഥമിക അദ്ധ്യാപകന്മാർ മനുഷ്യഗണത്തിൽപെട്ട സഹജീവികളാണെന്നു് ഗവമ്മെണ്ടു മനസ്സിലാക്കുവാൻ തുടങ്ങിയതെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. അല്ലെങ്കിൽ ൬ ഠക. മുതൽ ൽഠക. വരെ എന്നുള്ള ശമ്പളപരിഷ്കരണത്തിൽപോലും എത്തിച്ചേരുമോ എന്നു് ഞാൻ ബലമായി സംശയിക്കുന്നുണ്ടു്. അതിനു കാരണം ഇങ്ങിനെയുള്ള ഒരു പരിഷ്കരണം വന്നിട്ടുകൂടി അതായതു് മഹാരാജാവു തിരുമനസ്സിലെ പ്രഖ്യാപനം പുറത്തുവന്നിട്ടു മാസങ്ങൾ നിരവധി കഴിഞ്ഞുവെങ്കിലും അതിനെ വേണ്ടവിധത്തിൽ പ്രയോഗത്തിൽ കൊണ്ടുവരുവാനുള്ള വൈമനസ്യമാണു് ഇന്നത്തെ ഗവമ്മെണ്ടു കാണിച്ചുകൊണ്ടിരിക്കുന്നതു് എന്നുള്ളതാണു്. അതാണു് എനിക്കു മുമ്പു് പലരും പ്രസംഗിച്ച മാതിരി, വേണ്ട കായ്ങ്ങൾ വേണ്ടസമയത്തു വേണ്ടതരത്തിൽ പ്രവൃത്തിക്കാതെ വേണ്ടാത്ത കായ്ങ്ങൾ പ്രവൃത്തിക്കുന്ന ഒരു പരിതസ്ഥിതിയാണു് ഗവമ്മെണ്ടു സൃഷ്ടിച്ചിരിക്കുന്നതു് എന്ന അനുമാനത്തിൽ എന്നെ എത്തിച്ചേർക്കുന്നതു്. പ്രാഥമിക അദ്ധ്യാപകന്മാരുടെ ശമ്പള പരിഷ്കരണത്തിൽ, ഇൻക്രിമെന്റുകളെ സംബന്ധിച്ചിടത്തോളം ഖണ്ഡിതമായ ഒരു തീരുമാനത്തിലെത്തിച്ചേരുവാൻ നമ്മുടെ ഗവമ്മെണ്ടിനു സാധിച്ചിട്ടില്ല. ഇന്നു് ഒരു ചോദ്യത്തിനുത്തരമായിട്ടു ഗവമ്മെണ്ടു ഭാഗത്തുനിന്നും മറുപടി എഴുതീട്ടുണ്ടായിരുന്നതു് അദ്ധ്യാപകന്മാർക്കു ഇൻക്രിമെന്റു കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളമുള്ള ആലോചന ഇനിയും ഗവമ്മെണ്ടിന്റെ ലിസ്റ്റിയിൽ ഇരിക്കുന്നു എന്നാണു്. എത്രകാലംകൊണ്ടാണു് ഈ ആലോചനാഗർഭം വികസിക്കുക എന്നു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. ഗവമ്മെണ്ടിൽനിന്നും ൧, ൨ ക്ലാസ്സുമാരെ ഇതിലേക്കായി പ്രത്യേകം സൃഷ്ടിച്ചിട്ടുകൂടി ഗവമ്മെണ്ടിനു ഇതിനൊരു പരിഹാരം കാണുവാൻ സാധിക്കുന്നില്ലെങ്കിൽ അതു ഗവ

LIBRARY ARCHIVES Kerala Legislative Assembly

മെമ്പർമാരിൽ ചിലരെയെങ്കിലും ഈ ജോലി ഏല്പിച്ചിരുന്നുവെങ്കിൽ അവരുടെ നേട്ടത്തെ കണക്കാക്കി ഗവൺമെന്റിനെ സഹായിക്കുവാൻ അവർ സന്നദ്ധരായിരിക്കുമെന്നു ഞാൻ ഗവൺമെന്റിനോടറിയിച്ചു പറഞ്ഞുകൊള്ളുന്നു. എങ്ങിനെയായാലും ഗവൺമെന്റ് ഇൻക്രിമെന്റു കായ്ക്കുന്നതിൽ ന്യായപൂർവ്വമായ ഒരു തീരുമാനം ഉടനടി എടുക്കാത്ത പക്ഷം അതു ആപൽക്കരമായ ഒരു നിലയിലേക്കായിരിക്കും അദ്ധ്യാപക ലോകത്തെ ഇളക്കിവിടുക എന്നു ഞാൻ ഗവൺമെന്റിനു മുന്നറിവു തന്നു കൊള്ളുന്നു. ഇൻക്രിമെന്റു കൊടുത്താലും അവർ ഈ ശമ്പളത്തിൽ സംതൃപ്തരാണെന്നു തെറ്റിദ്ധരിക്കരുതു്. ഒരു തൊഴിലാളിക്കു ന്യായപൂർവ്വമായി രണ്ടും മൂന്നും ഉറപ്പിക കിട്ടിക്കൊണ്ടിരിക്കെ ഒരു പ്രാഥമിക അദ്ധ്യാപകനു ഗവൺമെന്റു നിശ്ചയിച്ചിട്ടുള്ള അടിസ്ഥാനശമ്പളം ൨൦ ക. യാണു്. ഇതു് ഒരു പരിഷ്കൃത രാജ്യത്തിനു ആശാസ്യമൊ അനുയോജ്യമൊ ആയിട്ടുള്ള ഒന്നല്ല എന്നാണു് ഞാൻ പറയുന്നതു്. സാധാരണ പ്രാഥമിക അദ്ധ്യാപകന്മാരുടെ നില ഇതാണെന്നുണ്ടെങ്കിൽ അദ്ധ്യാപകലോകത്തിലെ അധഃകൃതരായ എയിഡഡ് സ്കൂളിലെ അദ്ധ്യാപകന്മാരുടെ നില എന്താണെന്നു ഗവൺമെന്റു ആലോചിച്ചാൽ നന്നായിരിക്കും. സർക്കാർ സ്കൂൾ പ്രാഥമിക അദ്ധ്യാപകന്മാരുടെ ശമ്പളം ൨൦ ക. യാണെങ്കിൽ എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാർക്കു അതിനേക്കാൾ തുലോം നിസ്സാരമായ ഒരു സംഖ്യയാണു് കിട്ടുന്നതെന്നു ഗവൺമെന്റു മനസ്സിലാക്കി അതിന്റെ നിവാരണത്തിനായി ചില പോംവഴികൾ ഗവൺമെന്റു എടുത്തു കഴിഞ്ഞിട്ടുണ്ടു്. അതായതു അദ്ധ്യാപകന്മാർക്കു നേരിട്ടു ശമ്പളം കൊടുക്കുക എന്നുള്ള ഒരു നില ഗവൺമെന്റിനെടുക്കാനുണ്ടായ കാരണം അദ്ധ്യാപകന്മാർ അർഹിക്കുന്ന ശമ്പളം മാനേജർമാർ കൊടുക്കുന്നില്ലെന്നു ഗവൺമെന്റിനു ബോദ്ധ്യപ്പെട്ടതിനുശേഷമാണു്. ഗവൺമെന്റിൽനിന്നു കൊടുക്കുന്ന ഗ്രാൻറും മുഴുവൻ ശമ്പളം തന്നെയും അദ്ധ്യാപകന്മാർക്കു കിട്ടുവാൻവേണ്ടിയാണു് ഈ നിലയെടുത്തിട്ടുള്ളതെന്നു ഒരു മുടന്തൻ ന്യായം ഗവൺമെന്റു കൊണ്ടുവരുന്നുണ്ടു്. ഗവൺമെന്റിനു മാനേജർമാരെ വിശ്വാസമുണ്ടായിരുന്നുവെങ്കിൽ തീർച്ചയായും അദ്ധ്യാപകന്മാർക്കുള്ള ശമ്പളഗ്രാൻറ് നേരിട്ടു ഗവൺമെന്റിൽനിന്നു കൊടുക്കേണ്ട ആവശ്യം ഉണ്ടാകുമായിരുന്നില്ല. എന്നാൽ മുഴുവൻ ശമ്പളവും അദ്ധ്യാപകന്മാർക്കു കൊടുക്കണമെന്നുള്ള നില സ്വീകരിച്ചിട്ടുള്ളതിൽ ഗവൺമെന്റു് വേണ്ടത്തക്ക നടപടികൾ എടുത്തിട്ടില്ലെന്നു പറയാതെ നിവൃത്തിയില്ല. എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാരുടെ ക്ഷാമബത്തയുടെ നില ആലോചിക്കുമ്പോൾ ഇതിലും ഏറ്റവും പരിതാപകരമായിട്ടാണു് കാണുന്നതു്. അയൽരാജ്യങ്ങളിൽ എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാർക്കു ഡിയർനസ് അലവൻസ് ൨൫ ക. യാണു് കൊടുക്കുന്നതെന്നു ഗവൺമെന്റിനു മനസ്സിലാകുമ്പോൾ കേവലം നിസ്സാരമായ ൫൦ ശതമാനം മാത്രമാണു് ഇവിടെ കൊടുത്തുവരുന്നതെന്നുള്ളതു് ഏറ്റവും ലജ്ജാവഹമായ ഒരു പരമാർത്ഥമാണു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതു ആയിരക്കാക്കു കൊടുക്കുവാനാണു്.

മിസ്റ്റർ സി. എസ്സ്. പണിക്കർ: എയിഡഡ് സ്കൂളുകളെപ്പറ്റി ഒന്നുരണ്ടു വാക്കുകൂടി പറയേണ്ടതു് അത്യാവശ്യമായിരിക്കുന്നു. എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാർ എന്നു പറയുമ്പോൾ സംരക്ഷണത്തിനു ആരും ഇല്ലാത്ത ഒരു കൂട്ടരായിട്ടാണു് മനസ്സിലാക്കപ്പെടുന്നതു്. വിദ്യാലയങ്ങളുടെ പടിവാതുക്കൽപോലും എത്തുവാൻ സാധിച്ചിട്ടില്ലാത്ത ചില നാട്ടുപ്രമാണികളുടേയും, ലോകം എങ്ങിനെ മാറിയാലും അതിൽ തങ്ങൾക്കു യാതൊരു ഉത്തരവാദിത്വവുമില്ലെന്നു് വിശ്വസിച്ചു പെരുമാറുന്ന ചില സ്ഥാപിത താല്പര്യക്കാരുടേയും നിയന്ത്രണത്തിനു് വിധേയരായിട്ടാണു് എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാർ വർത്തിക്കുന്നതെന്നറിയുമ്പോൾതന്നെ അവരുടെ ദയനീയ നില ഏതാണ്ടു് വ്യക്തമാകുന്നുണ്ടു്. ക്രമപ്രകാരമുള്ള ശമ്പളം, ഉദ്യോഗക്കയറ്റം, ജോലിസ്ഥിരത ഈവക കാര്യങ്ങളിൽ എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാർ അധഃപതിച്ചവരും കഷ്ടപ്പെട്ടുന്നവരും ആണെന്നു ഗവൺമെന്റിനു ധരിക്കുവാൻ കഴിഞ്ഞിട്ടും ആ സംഗതിയിൽ ഇന്നു ഗവൺമെന്റു അനുവർത്തിച്ചിട്ടുള്ള നയം ഏറ്റവും ആക്ഷേപാർഹമാണു്. എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാരുടെ അസ്വാസ്ഥ്യങ്ങൾക്കു പ്രധാന ഉത്തരവാദി ഗവൺമെന്റാണു്. പരസ്പര വിരുദ്ധമായി ആളും തരവും നോക്കി ഗവൺമെന്റിൽനിന്നും അപ്പപ്പോൾ പുറപ്പെടുവിക്കുന്ന കല്പനകൾ മാനേജർമാരുടെ കൈകൾക്കു കൂടുതൽ ഹെൽപ്പു ഉണ്ടാക്കിക്കൊടുക്കുകയാണു് ചെയ്യുന്നതു്. അദ്ധ്യാപകന്മാരെസംബന്ധിച്ചിടത്തോ

LIBRARY ARCHIVES Kerala Legislative Assembly

ളം എന്തെങ്കിലും ആക്ഷേപം ഗവമ്മെണ്ടിനു കിട്ടുകയാണെങ്കിൽ "Government do not mean to interfere in the internal administrations of aided schools" എന്നുപറഞ്ഞു ഒരു ഉത്തരവു് ഗവമ്മെണ്ടു പുറപ്പെടുവിക്കും. അങ്ങിനെയുള്ള ഉത്തരവുകളുടെ തണലിലാണു് ചേപ്പ് ലോവർസെക്കണ്ടറി സ്കൂളിലേയും സെൻറ്തോമസ്സ് കോളേജ് ഹൈസ്കൂളിലേയും ഹെഡ്മാസ്റ്റർമാർ അവർ അർഹിക്കാത്ത പദവിയിൽ ഇരുന്നു് വിശ്രമിക്കുന്നതെന്നു ഗവമ്മെണ്ടു മനസ്സിലാക്കിയാൽ നന്നായിരിക്കും. ഈവക സമ്പ്രദായങ്ങളാണു് ഗവമ്മെണ്ടിന്റെ ഉയന്തരം ഉദ്യോഗസ്ഥ ലോകത്തിലുള്ളതെന്നു് ബഹുമാന്യനായ റാവുസാഹിബു് അയ്യപ്പൻ പറഞ്ഞപ്പോൾ അതിൽ എനിക്കു അത്ഭുതം തോന്നിയില്ല. എങ്കിലും ഗവമ്മെണ്ടിന്റെ ഇത്തരം ഉത്തരവാദിത്വമില്ലാത്ത നയം ഒരിക്കലും സ്വീകരിയ്ക്കുവാൻ എനിക്കു നിവൃത്തിയില്ല. സ്റ്റാഫ് സെലക്ഷൻബോർഡു മുഖേന എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാരുടെ നിയമനം നടത്തണമെന്നുള്ള നയം സ്വീകരിച്ചിട്ടുള്ള ഗവമ്മെണ്ടിനു എയിഡഡ് സ്കൂളുകളിലെ നിയമനകാര്യങ്ങളിൽ യാതൊരു ഉത്തരവാദിത്വവും ഇല്ലെന്നു പറയുന്നതു് കണ്ണടച്ചു ഇരുട്ടാക്കുന്ന ഒരു സംമ്പ്രദായമല്ലേ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു.

ഇനി എയിഡഡ്സ്കൂളുകളെ സംബന്ധിച്ചുള്ള മറെറാരു ദുരവസ്ഥകൂടി പറയേണ്ടതുണ്ടു്. ശമ്പളം കിട്ടിയാൽതന്നെ ജോലിചെയ്യുവാൻ നിവൃത്തിയില്ലാത്ത ഒരു പരിതസ്ഥിതിയാണു് ഇന്നു് അവക്കുള്ളതെങ്കിൽ ഫ്രീ മുതൽക്കു എയിഡു് കിട്ടാതെകണ്ടു ചില ക്ലാസ്സുകളിൽ അദ്ധ്യാപകന്മാർ ഇന്നും ജോലിചെയ്യുവരുന്നുണ്ടെന്നു കേൾക്കുമ്പോൾ ഒരു മരവിച്ച ഗവമ്മെണ്ടിനുപോലും കോരിത്തരിപ്പു് ഉണ്ടാകുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. മൂന്നു നാലു കൊല്ലക്കാലം യാതൊരു വേതനവും സ്വീകരിക്കാതെ ഒരു വിഭാഗത്തെക്കൊണ്ടു് ജോലി ചെയ്യിക്കുകയെന്നുള്ളതു് ഒരു ഗവമ്മെണ്ടിനു ശ്രേഷ്ഠമാണോ? ഇതു് അദ്ധ്യാപകന്മാരെ മാത്രമല്ല ബാധിച്ചിട്ടുള്ളതു്. ഇതുമൂലം ഇന്നു നാട്ടുംപുറങ്ങളിൽ വിദ്യാഭ്യാസംചെയ്യുവാൻ സാധിക്കാതെ നിരവധി കുട്ടികളും അലഞ്ഞുതിരിഞ്ഞു നടക്കുന്നുണ്ടെന്നു കാണുവാൻ സാധിക്കും. ഗ്രാൻറു കിട്ടാതെ ഒരിക്കലും പുതിയ ക്ലാസ്സുകളും നടത്തുവാൻ മാനേജർമാർ തയ്യാറില്ല. അങ്ങിനെയുള്ള കാലത്താണു് കൊച്ചി ഗവമ്മെണ്ടു പ്രാഥമിക വിദ്യാഭ്യാസം സാവ്വത്രികമാക്കുക എന്നുള്ള നില എടുത്തിരിക്കുന്നതു്. പ്രാഥമിക വിദ്യാഭ്യാസം സാവ്വത്രികമാക്കണമെങ്കിൽ ക്ലാസ്സുകളും വളർത്തിപ്പിക്കുവാനുള്ള ഒരു പരിപാടി സ്വീകരിക്കുകയാണു് ആദ്യമായി വേണ്ടതു്. അതുകൊണ്ടു ഇന്നത്തെ ഗവമ്മെണ്ടിന്റെ നയമൊന്നുമാറി ക്ലാസ്സുകളും വളർത്തിപ്പിക്കുവാൻ റിക്കഗ്നിഷൻ കൊടുക്കുന്നതോടുകൂടിതന്നെ ഗ്രാൻറും കൊടുക്കുക എന്ന സമ്പ്രദായം സ്വീകരിക്കാതെ തരമില്ല. ഇങ്ങിനെയുള്ള അല്പംചില സംഗതികളാണു് വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ചു എനിക്കു പ്രത്യേകമായി വിമർശിക്കുവാനുള്ളതു്. ഈ നിലയിലുള്ള വിദ്യാഭ്യാസം കൊണ്ടു മാത്രം നമുക്കു തൃപ്തിപ്പെടുവാൻ നിവൃത്തിയില്ല. ഇതുകൊണ്ടുമാത്രം നമ്മുടെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായി എന്നു നമുക്കു സമാധാനിക്കുവാനും വഴിയില്ല.

കൊച്ചി രാജ്യത്തു വ്യാവസായികമായ പലേ പ്രവർത്തനങ്ങളിലും നാം ഇടപെടേണ്ടിവന്നിട്ടുണ്ടു്. ഇതിനുമുമ്പുതന്നെ കൊച്ചി വ്യാവസായികമായി പുരോഗമിക്കേണ്ടതായിരുന്നു. അതിനു ഇനിയുള്ള ജനങ്ങളെയെങ്കിലും സന്നദ്ധരാക്കുകയാണു് ഗവമ്മെണ്ടിന്റെ ചുമതല. ആ നിലയിൽ സാങ്കേതിക വിദ്യാലയങ്ങളും നാട്ടിൽ അവിടവിടെ ഉണ്ടാക്കേണ്ടതു് അനപേക്ഷണീയമാണു്.

അവസാനമായി ഒന്നു രണ്ടു സംഗതികൂടി ഞാൻ പ്രസ്താവിച്ചുകൊണ്ടു് എന്റെ ഈ വിമർശനം മതിയാക്കാമെന്നു വിചാരിക്കുന്നു. എന്റെ നിയോജകമണ്ഡലത്തെസംബന്ധിച്ചു ഒന്നു രണ്ടു കാര്യങ്ങളാണു് അവ. കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റു സമ്മേളനത്തിൽ ഒരു ചോദ്യത്തിനുത്തരമായിട്ടു ഇയ്യുത്തു കടവിൽ ഒരു കടത്തു കടവു സൃഷ്ടിച്ചുകൊള്ളാമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ടു്. ആ കടത്തിന്റെ ഇത്തവണത്തെ സ്ഥിതി ആലോചിക്കുമ്പോൾ സന്താനഗോപാലം കഥയാണു് എനിക്കു ഓർമ്മവരുന്നതു്. കടത്തുകടവു് നന്നാക്കാമെന്നു് പറഞ്ഞതിന്റെ ഫലമായി ഒരു മാസക്കാലത്തേക്കു വഞ്ചിതന്നെ വേണ്ടെന്നു തീർച്ചയാക്കിയതു് വളരെ വിചിത്രമാണു്. ആ കടത്തു ലേലംവിളിച്ചു ഒരു മാസമായിട്ടും അവിടെ കടത്തുവഞ്ചിയില്ല. വിദ്യാർത്ഥികളായിട്ടതന്നെ ഫ്രീ ൦൦, ഫീ ൦ പേർ കടന്നുപോകുന്നുണ്ടു് ഇയ്യുത്തു കടവു്. ശ്രവണസുഖംപോരാത്ത ഒന്നാണു് ആ കടത്തിന്റെ പേരെങ്കിലും അതിന്റെ ഉപയോഗത്തെ ആസ്പദമാക്കി വേണ്ടത്ര പ്രാമുഖ്യം ഗവമ്മെണ്ടു കല്പിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണമെന്നാണ് എനിക്കു പറയാനുള്ളതു്. കേവലം കർഷകരാജ്യമായിരിക്കുന്ന ആ പ്രദേശത്തിലേക്കു ഒരു മൃഗാശുപത്രിയെങ്കിലും ആവശ്യമാണെന്നുള്ളതു ഇതിനുമുമ്പുതന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഈവക കാര്യങ്ങൾ ഗവൺമെണ്ടു മനസ്സിലാക്കിയതുകൊണ്ടുമാത്രം കാര്യങ്ങൾ നടക്കുകയില്ല. ഏതു കാര്യങ്ങളും പ്രവൃത്തിക്കുവാൻ ഉടനടി ഒരു പ്ലാൻ വേണ്ടതാണു്. ഇത്രമാത്രം ഗവൺമെണ്ടിനെ ഉൽബോധിപ്പിച്ചുകൊണ്ടു് ഞാൻ എന്റെ വിമർശനം അവസാനിപ്പിച്ചുകൊള്ളുന്നു.

The House rose for the day at 3-50 p.m.

N. S. RADHAKRISHNA SARMA

Secretary to the Council

APPENDIX I

(Vide answer to Question No. 1)

Tour programme of the Minister for Rural Development for the period from the 1st to the 23rd of Medam 1121 as originally decided and programmed.

14—4—46	Stay at Ernakulam.
15—4—46	5-30 p.m. Dep. Ernakulam.
	6 p.m. Arr. Alwaye.
16—4—46	9-30 a.m. Dep. Alwaye for Parur.
Do.	About 1 p.m. Return to Alwaye after the Co-operative Conference at Parur.
17—4—46	Visit Glass Factory, Aluminium Factory and the Fertilisers.
18—4—46 to	
20—4—46	Stay at Alwaye (private purpose).
21—4—46	9 a.m. Dep. Alwaye.
	9-30 a.m. Arr. Ernakulam.
22—4—46	Stay at Ernakulam.
23—4—46	5 p.m. Dep. Ernakulam.
	7-30 p.m. Arr. Trichur (stay in the Guest House, Trichur)
24—4—46 to	
26—4—46	Stay at Trichur.
27—4—46	Evening Dep. Trichur.
Do.	Evening Arr. Chowwara (stay in the Inspection Bungalow).
28—4—46	Stay at Chowwara.
29—4—46	8 a.m. Dep. Chowwara.
	10 a.m. Arr. Trichur (stay in the Guest House, Trichur).
30—4—46	Afternoon Trichur to Kunnamkulam and back.
	Evening Dep. Trichur for Chowwara (stay in the Inspection Bungalow).
1—5—46	Evening return to Ernakulam.
2—5—46	Evening Dep. Ernakulam for Trichur (stay in the Guest House).
3—5—46 to	
15—5—46	Stay at Trichur.
16—5—46	Forenoon Dep. Trichur for Ernakulam.

APPENDIX II

(See answer to Question No. 4)

Liabilities at the end of Makaram 1121

		Rs.	A.	P.
1. Advance from the Municipality loans, etc.	..	7,62,204	6	1
2. Security Deposits	..	22,258	6	8
3. Sinking Fund	..	48,477	5	0
4. Depreciation Fund	..	1,36,907	6	5
5. Creditors for goods supplied and for expenses	..	47,167	4	10
6. Other Creditors	..	27,842	13	0
Total	..	10,44,857	10	0

LIBRARY ARCHIVES Kerala Legislative Assembly